This Question Paper consists of **29** questions and **10** printed pages + **one** outline map of India.
ഈ ചോദ്യപേപ്പറിൽ **29** ചോദ്യങ്ങളും, **10** അടച്ചടിച്ച പുറങ്ങളും, ഇന്ത്യയുടെ ഒരു രേഖാ ഭൂപടവും ഉണ്ട്.

**Roll No.** | | | | | | | | | | | | | **Code No. 65/S/A/MM**
**റോൾ നമ്പർ** **കോഡ് നമ്പർ**

**Set A**

# SOCIAL SCIENCE
# (സോഷ്യൽ സയൻസ് )
# (213-MM)

**Day and Date of Examination**
**പരീക്ഷാ ദിവസവും തീയതിയും**

______________________________

**Signature of Invigilators** 1. ______________________________
**മേൽനോട്ടക്കാരുടെ ഒപ്പ്**
2. ______________________________

**General Instructions :**

1. Candidate must write his/her Roll Number on the first page of the question paper.
2. Please check the question paper to verify that the total pages and the total number of questions contained in the question paper are the same as those printed on the top of the first page. Also check to see that the questions are in sequential order.
3. For the objective type of questions, you have to choose any **one** of the four alternatives given in the question i.e. (A), (B), (C) or (D) and indicate your correct answer in the answer-book given to you.
4. All the questions including objective type questions are to be answered within the allotted time and no separate time limit is fixed for answering objective type questions.
5. Making any identification mark in the answer-book or writing roll number anywhere other than the specified places will lead to disqualification of the candidate.
6. Write your question paper code No. **65/S/A/MM-A** on the answer-book.
7. The question paper is bilingual. In case of doubt, the English version should be considered as authentic.

**പൊതു നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥി അവന്റെ/അവളുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ഒന്നാമത്തെ പുറത്ത് എഴുതിയിരിക്കണം.
2. ചോദ്യപേപ്പറിന്റെ പുറങ്ങളുടെ എണ്ണവും, ചോദ്യപേപ്പറിൽ തന്നിരിക്കുന്ന ചോദ്യങ്ങളുടെ എണ്ണവും ശരിയാണെന്നു തീർച്ചപ്പെടുത്താനായി ചോദ്യപേപ്പറിന്റെ ഒന്നാം പുറത്ത് ഏറ്റവും മുകളിൽ കൊടുത്തിരിക്കുന്ന സംഖ്യകൾ പരിശോധിക്കുക. കൂടാതെ ചോദ്യങ്ങൾ ശരിയായ ക്രമത്തിലാണോ എന്നും പരിശോധിക്കുക.
3. ഉത്തരങ്ങൾ തിരഞ്ഞെടുത്ത് എഴുതേണ്ടതായ ചോദ്യങ്ങൾക്ക് നല്കിയിരിക്കുന്ന നാല് ഉത്തരങ്ങളിൽ നിന്നും ഏറ്റവും ശരിയായ ഒരു ഉത്തരം തിരഞ്ഞെടുക്കേണ്ടതാണ്, അതായത് (A), (B), (C) അല്ലെങ്കിൽ (D). എന്നിട്ട് പ്രത്യേകം തന്നിരിക്കുന്ന ഉത്തരക്കടലാസിൽ നിങ്ങളുടെ ശരിയായ ഉത്തരം രേഖപ്പെടുത്തുക.
4. ഉത്തരം തിരഞ്ഞെടുത്തെഴുതാനുള്ള ചോദ്യമുൾപ്പെടെ എല്ലാ ചോദ്യങ്ങളും തന്നിരിക്കുന്ന സമയപരിധിയിൽ ചെയ്തു തീർക്കേണ്ടതാണ്. പ്രത്യേക സമയപരിധിയൊന്നും ഉത്തരം തിരഞ്ഞെടുത്തെഴുതാനുള്ള ചോദ്യങ്ങൾക്കായി മാറ്റിവയ്ക്കപ്പെട്ടിട്ടില്ല.
5. ഉത്തരക്കടലാസിൽ തിരിച്ചറിയുവാനുള്ള അടയാളങ്ങൾ ഉണ്ടാക്കുകയോ, നല്കപ്പെട്ടിരിക്കുന്ന സ്ഥലത്തല്ലാതെ മറ്റെവിടെയെങ്കിലും റോൾ നമ്പർ എഴുതുകയോ ചെയ്താൽ, അത് പരീക്ഷാർത്ഥിയെ അയോഗ്യനായി പ്രഖ്യാപിക്കുന്നതിന് ഇടയാകും.
6. നിങ്ങളുടെ ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **65/S/A/MM-A** ഉത്തരക്കടലാസിനു പുറത്തു എഴുതണം.
7. ചോദ്യപേപ്പർ ദ്വി-ഭാഷിതമാണ്. എന്തെങ്കിലും സംശയമുണ്ടാകുന്ന പക്ഷം ഇംഗ്ലീഷ് പരിഭാഷ യഥാർത്ഥമായി പരിഗണിക്കപ്പെടുന്നതാണ്.

# SOCIAL SCIENCE

# (സോഷ്യൽ സയൻസ് )

# (213-MM)

Time : **3** Hours ] [ Maximum Marks : **100**

സമയം : **3** മണിക്കൂർ ] [ പരമാവധി മാർക്ക് : **100**

---

**Note :** (i) **All** questions are **compulsory** and carry marks as indicated against each question.

(ii) For Multiple Choice Questions **four** options are given. You have to choose right option and indicate it in your answer book.

(iii) Attach the map with answer sheet.

**കുറിപ്പ് :** (i) **എല്ലാ** ചോദ്യങ്ങളും **നിർബ്ബന്ധമാണ്**. ഓരോ ചോദ്യത്തിനും നല്കപ്പെട്ടിട്ടുള്ള മാർക്ക് അതാത് ചോദ്യത്തിന് നേരെ സൂചിപ്പിച്ചിരിക്കുന്നു.

(ii) ബഹുത്തര ചോദ്യങ്ങൾക്ക് ഉത്തരമായി **നാലെണ്ണം** വീതം നൽകിയിട്ടുണ്ട്. ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.

(iii) ഉത്തരകടലാസ്സിനൊടൊപ്പം ഭൂപടം ചേർത്ത് വയ്ക്കേണ്ടതാണ്.

---

**1.** 'Abolition of Titles' is covered under which of the following fundamental rights ? **1**

(A) Right to Freedom

(B) Right to Equality

(C) Right to Constitutional Remedies

(D) Right to Freedom of Religion

'പദവികളുടെ (ടൈറ്റിൽ) നിരോധനം' താഴെ നൽകിയിരിക്കുന്നവയിൽ ഏത് മൗലികാവകാശത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ?

(A) സ്വാതന്ത്ര്യത്തിനുള്ള അവകാശം

(B) സമത്വത്തിനുള്ള അവകാശം

(C) ഭരണഘടനാ പരിഹാരങ്ങൾക്കുള്ള അവകാശം

(D) മതവിശ്വാസത്തിനുള്ള അവകാശം

2. Which one of the following Directive Principles is related to the Gandhian thought ? **1**

(A) The state shall try to promote cottage industries in rural areas.

(B) Equal pay for equal work to men and women.

(C) The state should ensure to the people the right to work.

(D) The state should ensure to the people the right to state assistance in old age.

താഴെ നൽകിയിട്ടുള്ള നിർദ്ദേശക തത്വങ്ങളിൽ ഏതാണ് ഗാന്ധിയൻ ചിന്തയുമായി ബന്ധപ്പെട്ടിരിക്കുന്നത് ?

(A) ഗ്രാമീണ മേഖലകളിൽ കുടിൽ വ്യവസായം പ്രോത്സാഹിപ്പിക്കാൻ സർക്കാർ ശ്രമിക്കും

(B) പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ ജോലിക്ക് തുല്യ വേതനം

(C) തൊഴിലെടുക്കുന്നതിനുള്ള അവകാശം സർക്കാർ ഉറപ്പ് നൽകും.

(D) വാർദ്ധ്യക കാലത്ത് സർക്കാരിന്റെ സഹായം സർക്കാർ ജനങ്ങൾക്ക് ഉറപ്പ് നൽകും.

3. In India, the Panchayati Raj System functions at how many levels ? **1**

(A) One level (B) Two levels

(C) Three levels (D) Four levels

ഇന്ത്യയിൽ പഞ്ചായത്തീ രാജ് സമ്പ്രദായം എത്ര തലങ്ങളിലായിട്ടാണ് പ്രവർത്തിക്കുന്നത് ?

(A) ഒരു തലം (B) രണ്ട് തലങ്ങൾ

(C) മൂന്ന് തലങ്ങൾ (D) നാല് തലങ്ങൾ

4. Read the following facts related to the importance of peace and security in a democracy and choose the correct options. **1**

(I) There is a mutual relationship between democracy and development and peace and security.

(II) In the absence of peace and security, democracy cannot function.

(III) There is no relationship between democracy and security.

(IV) In the absence of democracy and security development cannot take place.

**Options :**

(A) Only (I) and (II) are correct (B) Only (III) and (IV) are correct

(C) Only (I) and (IV) are correct (D) Only (II) and (III) are correct

ജനാധിപത്യ വ്യവസ്ഥയിൽ സമാധാനത്തിന്റെയും സുരക്ഷയുടെയും പ്രാധാന്യത്തെ കുറിച്ച് താഴെ തന്നിരിക്കുന്ന വസ്തുതകൾ വായിക്കുകയും ശരിയായത് തിരഞ്ഞെടുക്കുകയും ചെയ്യുക.

(I) വികസനം, സമാധാനം, സുരക്ഷ, ജനാധിപത്യം എന്നിവ തമ്മിൽ പരസ്പര ബന്ധമുണ്ട്.

(II) സമാധാനത്തിന്റെയും സുരക്ഷയുടെയും അസാന്നിദ്ധ്യത്തിൽ ജനാധിപത്യത്തിന് പ്രവർത്തിക്കാനാകില്ല.

(III) ജനാധിപത്യവും സുരക്ഷയുമായി ഒരു ബന്ധവുമില്ല

(IV) ജനാധിപത്യത്തിന്റെ അസാന്നിദ്ധ്യത്തിൽ സുരക്ഷാ വികസനം നടക്കില്ല.

ഓപ്ഷനുകൾ :

(A) (I) ഉം (II) ഉം മാത്രം ശരി  (B) (III) ഉം (IV) ഉം മാത്രം ശരി

(C) (I) ഉം (IV) ഉം മാത്രം ശരി  (D) (II) ഉം (III) ഉം മാത്രം ശരി

5. Explain any two results of the Permanent settlement introduced by Lord Cornwallis in 1793. 2

കോൺവാലിസ് പ്രഭു 1793 ൽ നിലവിൽ വരുത്തിയ ശാശ്വത ഭൂനികുതി സമ്പ്രദായത്തിന്റെ രണ്ട് ഫലങ്ങൾ വിശദീകരിക്കുക.

6. Explain any two features of the Northern Plains of India. 2

ഇന്ത്യയുടെ വടക്കൻ സമതലങ്ങളുടെ ഏതെങ്കിലും രണ്ട് സവിശേഷതകൾ വിശദീകരിക്കുക.

7. "The role of public opinion, in a democracy, can never be ignored". Support the statement with two arguments. 2

''ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ പൊതുജനാഭിപ്രായത്തിനുള്ള പങ്ക് അവഗണിക്കാൻ കഴിയില്ല.'' രണ്ട് വാദഗതികളുടെ സഹായത്തോടെ ഈ പ്രസ്താവനയെ സാധൂകരിക്കുക.

8. Explain the 'Right to Education', added in the constitution of India by the 86$^{th}$ constitutional amendment. **2**

ഇന്ത്യൻ ഭരണഘടനയിൽ 86 -ാം ഭരണഘടന ഭേദഗതി പ്രകാരം കൂട്ടിച്ചേർത്ത 'വിദ്യാഭ്യാസത്തിനുള്ള അവകാശം' വിശദമായി പ്രതിപാദിക്കുക.

9. Describe any four features of the Egyptian Civilisation. **4**

ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ വിവരിക്കുക.

10. Explain four main features of the architecture in Medieval India. **4**

മധ്യകാല ഇന്ത്യയിലെ വാസ്തുശില്പ കലയുടെ ഏതെങ്കിലും നാല് സവിശേഷതകൾ വിശദമാക്കുക.

11. Why did the Medieval Catholic Church came to be associated with superstitions and corruption ? Explain. **4**

മധ്യകാലഘട്ടത്തിലെ കത്തോലിക്ക സഭ എന്തുകൊണ്ടായിരുന്നു അന്ധവിശ്വാസങ്ങളും അഴിമതിയുമായി ബന്ധപ്പെട്ടിരുന്നത് ? വിശദീകരിക്കുക.

12. Explain any four reforms done by Raja Ram Mohan Roy in the social sector in India in the 19$^{th}$ century. **4**

ഇന്ത്യൻ സാമൂഹിക രംഗത്ത് 19 -ാം നൂറ്റാണ്ടിൽ രാജാ റാം മോഹൻ റോയ് ചെയ്ത ഏതെങ്കിലും നാല് സാമൂഹിക പരിഷ്കരണങ്ങൾ വിശദമാക്കുക.

13. Explain any four main causes of the Revolt of 1857 in India. **4**

ഇന്ത്യയിലെ 1857 -ലെ ലഹളക്ക് പുറകിലെ ഏതെങ്കിലും പ്രധാനപ്പെട്ട നാല് കാരണങ്ങൾ വിശദമാക്കുക.

14. Describe the main features of Monsoon in India. 4

ഇന്ത്യയിലെ മൺസൂണിന്റെ പ്രധാന സവിശേഷതകൾ വിവരിക്കുക.

15. Explain any four features of the 'Tropical Deciduous Forests' in India. 4

ഇന്ത്യയിലെ ഉഷ്ണമേഖല ഇലപൊഴിയും കാടുകളുടെ ഏതെങ്കിലും നാല് സവിശേഷതകൾ വിശദമാക്കുക.

16. How are industrialization and urbanisation responsible for the unequal distribution of population in India ? Explain. 4

ഇന്ത്യയിലെ അസന്തുലിതമായ ജനസംഖ്യാ വിതരണത്തിന് വ്യവസായവത്ക്കരണവും നഗരവത്ക്കരണവും എങ്ങനെ കാരണമായി ? വിശദീകരിക്കുക.

17. Explain any four features of the parliamentary form of government in India. 4

ഇന്ത്യയിലെ, പാർലമെന്ററി രൂപത്തിലുള്ള ഭരണകൂടത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ വിശദമാക്കുക.

18. Explain the main functions of Gram Panchayat. 4

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന ധർമ്മങ്ങൾ വിശദമായി പ്രതിപാദിക്കുക.

19. Describe the executive powers of the Governor in India. 4

ഇന്ത്യൻ സർക്കാരിന്റെ എക്സിക്യൂട്ടീവ് അധികാരങ്ങൾ വിവരിക്കുക.

20. Highlight any four powers of the Supreme Court of India. 4

ഇന്ത്യൻ സുപ്രീം കോടതിയുടെ ഏതെങ്കിലും നാല് അധികാരങ്ങൾ എതുത്തു പറയുക.

21. Why is poverty considered as the greatest bane of democracy ? Explain. 4

എന്തുകൊണ്ടാണ് ദാരിദ്ര്യത്തെ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശാപമായി കണക്കാക്കുന്നത് ? വിശദമാക്കുക.

22. Explain any four causes of regional disparities in India. **4**

ഇന്ത്യയിലെ പ്രാദേശിക അസന്തുലിനത്തിന് ഏതെങ്കിലും നാല് കാരണങ്ങൾ വിശദമാക്കുക.

23. Explain the difference between natural and human-made environment. **4**

പ്രകൃതിദത്ത പരിസ്ഥിതിയും മനുഷ്യ നിർമ്മിത പരിസ്ഥിതിയും തമ്മിലുള്ള വ്യത്യാസം വിശദമാക്കുക.

24. Describe any five major causes of the Second World War. **5**

രണ്ടാം ലോക മഹായുദ്ധത്തിന്റെ ഏതെങ്കിലും നാല് പ്രധാന കാരണങ്ങൾ വ്യക്തമാക്കുക.

25. Explain the main causes of the partition of India. **5**

ഇന്ത്യാ വിഭജനത്തിന്റെ പ്രധാന കാരണങ്ങൾ വിശദീകരിക്കുക.

26. Describe the necessary geographical conditions for the cultivation of rice. **5**


നെല്ല് കൃഷി ചെയ്യുന്നതിന് ആവശ്യമായ ഭൂഗോള ശാസ്ത്രപരമായ അവസ്ഥകൾ വിവരിക്കുക.

27. "To achieve their objectives, the pressure groups employ various techniques and methods". Support this statement with examples. **5**

''അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കാൻ സമ്മർദ്ദ ഗ്രൂപ്പ് പല രീതികളും തന്ത്രങ്ങളും പ്രയോഗിക്കും '' ഉദാഹരണ സഹിതം ഈ പ്രസ്താവനയെ സാധൂകരിക്കുക.

28. Identify and write in your answer book the correct names of the international airports of India marked by (A), (B), (C) and (D) in the given Political outline map of India. **4**

താഴെ തന്നിരിക്കുന്ന ഇന്ത്യൻ ഭൂപടത്തിന്റെ രൂപരേഖയിൽ (A), (B), (C) , (D) എന്നിങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്ന അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ശരിയായ പേരുകൾ നിങ്ങളുടെ ആൻസർ ബുക്കിൽ എഴുതുക.




29. In the given political outline map of India, locate and label the following with appropriate symbols. **4**

(A) Kaveri main river
(B) Kaziranga National Park
(C) Annamalai Hills
(D) Leading coffee producing state

തന്നിരിക്കുന്ന ഇന്ത്യയുടെ ഭൂപടത്തിന്റെ രൂപരേഖയിൽ താഴെ നൽകിയിരിക്കുന്നവ കണ്ടെത്തുകയും ഉചിതമായ ചിഹ്നങ്ങൾ ഉപയോഗിച്ച് അടയാളപ്പെടുത്തുകയും ചെയ്യുക.

(A) കാവേരി പ്രധാന നദി
(B) കാശിരംഗ നാഷണൽ പാർക്ക്
(C) അണ്ണാമലൈ നിരകൾ
(D) പ്രധാന കാപ്പി കൃഷി മേഖല

**Note :** Following questions are for the **Visually Impaired Candidates** only in lieu of Question Nos. **28** and **29**. Answer of each of these questions must not be in more than one sentence : **4x2=8**

(A) Name the states where Corbett and Gir National Parks are located.

(B) Name any one main tea producing state.

(C) Name the states where Kandla major sea ports is located.

(D) Name any two peninsular rivers of India.

**കുറിപ്പ് :** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ കാഴ്ചാ വൈകല്യമുള്ള കുട്ടികൾക്ക് മാത്രം ഉള്ളതാണ്. ചോദ്യങ്ങൾ 28, 29 എന്നിവയ്ക്ക് പകരമായി ഈ ചോദ്യങ്ങൾക്ക് ഒരു വാചകത്തിൽ കവിയാതെ ഉത്തരമെഴുതുക.

(A) കോർബർട്ട് ആൻഡ് ഗിർ നാഷണൽ പാർക്കുകൾ സ്ഥിതിചെയ്യുന്ന സംസ്ഥാനങ്ങളുടെ പേരെഴുതുക.

(B) ഏതെങ്കിലും ഒരു പ്രധാന തേയില ഉദ്പാദക സംസ്ഥാനത്തിന്റെ പേര് എഴുതുക.

(C) കണ്ഡാല പ്രധാന കടൽ തുറമുഖം സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിന്റെ പേര് എഴുതുക.

(D) ഇന്ത്യയിലെ ഏതെങ്കിലും രണ്ട് ഉപദ്വീപീയ നദികളുടെ പേര് എഴുതുക.

- o 0 o -

Roll No. | | | | | | | | | | | | |

## For Q. No. 29 Political Outline Map of India

